## സിമ്പോസിയം

# ശരീഅത്തിനെപ്പറ്റി ചിലത്

**ഇ.വി അബ്ദു**

ഖുർആനും സുന്നത്തും മനുഷ്യജീവിതത്തിൽ എങ്ങനെ നടപ്പാക്കാം എന്ന ചോദ്യത്തിന്റെ ശരിയായ ഉത്തരമായി വരുന്ന നിയമസംഹിത ഏതോ അതാണ് ശരീഅത്ത്. മുൻകാലങ്ങളിൽ പല പണ്ഡിതന്മാരും നൽകിയ ഉത്തരങ്ങളുടെ ചരിത്രമാണ് നിലവിലുള്ള കർമശാസ്ത്രം. അവയിൽ പലതും ശരിയായ ഉത്തരങ്ങളായിരുന്നു അന്ന്. ഇന്ന് പലതും ഉത്തരങ്ങളേ അല്ല.

കാലാകാലത്തേക്കുമായി മുൻകൂട്ടി നിർമിച്ചുവെക്കാവുന്ന ഒന്നല്ല ശരീഅത്ത്. അതൊരു ഉറച്ച സാധനമല്ല. അതു ചലന നിരതമാണ്. യാമം മുറിയാത്ത അന്വേഷണവും ഗവേഷണവുമാണ്. ഈ ഗവേഷണമാണ് 'ഇജ്തിഹാദ്.' ഇജ്തിഹാദിന്റെ കവാടം കൊട്ടിയടക്കപ്പെട്ടു എന്നതിന്റെ അർഥം ശരീഅത്ത് നിഷ്കാസനം ചെയ്യപ്പെട്ടു എന്നാണ്. ഈ കൊട്ടി അടക്കലിന് രണ്ടു കാരണങ്ങളുണ്ടായി: നാലു മദ്ഹബുകളിലായി പരന്നുകിടക്കുന്ന വിപുലമായ നിയമ ചർച്ചകൾ തന്നെ എമ്പാടുമാണെന്ന ധാരണ. ചിന്താസ്വാതന്ത്ര്യത്തിന്നെതിരെയുണ്ടായ ചില അമവീ, അബ്ബാസീ ഖലീഫമാരുടെ നീക്കങ്ങൾ. അപ്പോൾ ചില പണ്ഡിതന്മാർ ഭയപ്പെട്ടു. ഇജ്തിഹാദിന് കഴിവില്ലാത്തവർ ഭരണകർത്താക്കളുടെ താളത്തിനൊത്തു തുള്ളുകയും ചെയ്തു.

ഗവേഷണം നിലച്ചകാലം തൊട്ട് ശരീഅത്ത് അതിന്റെ സൂക്ഷ്മവും പൂർണവുമായ അർഥത്തിൽ നില നിൽക്കുന്നില്ല. കാലപ്രവാഹത്തിൽ മാറ്റം വരാത്ത ചില നിയമ സത്യങ്ങളുണ്ടെന്ന് മാത്രം. ലോകത്ത് ആയിരം കൊല്ലമായി ശാസ്ത്ര ഗവേഷണം നടക്കുന്നേ ഇല്ലെന്ന് സങ്കൽപിക്കുക. ആയിരം കൊല്ലം മുമ്പുള്ള ശാസ്ത്ര ഗ്രന്ഥങ്ങൾ പഠിക്കുകയും അവയിൽ വിശ്വസിക്കുകയും ചെയ്യുന്നു എന്നും വെക്കൂ. എങ്കിൽ പറയേണ്ടത് എന്താണ്? ശാസ്ത്രമുണ്ടെന്നോ ഇല്ലെന്നോ? മുഹമ്മദ് നബിയോടുകൂടി ശരീഅത്ത് പൂർണമായി എന്നു പറയുന്നതിന്റെ അർഥം ഇനിയൊരു പ്രവാചകൻ വേറൊരു ശരീഅത്തും കൊണ്ടുവരികയില്ല, വരേണ്ടതില്ല എന്നാണ്. ഖുർആനും സുന്നത്തും അവയുടെ വെളിച്ചത്തിലുള്ള ഗവേഷണവും ഒരുമിച്ചു നിലനിൽക്കുമ്പോഴൊക്കെ ശരീഅത്ത് പൂർണം തന്നെ. നിയമങ്ങളിൽ മാറ്റം വരുത്തുമ്പോൾ ശരീഅത്ത് മാറ്റുകയല്ല വാസ്തവത്തിൽ ചെയ്യുന്നത്. ശരീഅത്തല്ലാത്തതുമാറ്റി ശരീഅത്ത് സ്ഥാപിക്കുകയാണ്. ശരീഅത്തിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ നിയമത്തിന് കഴിയാതെ വരുമ്പോൾ അതുമാറ്റണം. ലക്ഷ്യത്തിനുതകാത്ത നിയമം ശരീഅത്തിൽ പെടുകയില്ല. എന്താണ് ശരീഅത്തിന്റെ ലക്ഷ്യം? "നിയമമാണ് ശരീഅത്തിന്റെ അടിത്തറ. മനുഷ്യസമൂഹത്തിന്റെ ഇഹപര ഗുണങ്ങളും. ശരീഅത്ത് മുഴുവനും നീതിയാണ്. മുഴുവനും കാരുണ്യമാണ്. മുഴുവനും മനുഷ്യനന്മ. മുഴുവനും തത്വദീക്ഷ. അപ്പോൾ നീതിയിൽനിന്ന് അനീതിയിലേക്ക്, കാരുണ്യത്തിൽനിന്ന് കാടത്തത്തിലേക്ക്, മനുഷ്യനന്മയിൽനിന്ന് നാശത്തിലേക്ക്, തത്വദീക്ഷയിൽനിന്ന് അർഥരാഹിത്യത്തിലേക്കു വഴുതിപ്പോയ യാതൊരു നിയമവും ശരീഅത്തിൽ പെട്ടതേ അല്ല. വ്യാഖ്യാനിച്ചുകൊള്ളിച്ചാലും കൊള്ളുകയില്ല" ഇമാം ഇബ്നുൽ ഖയ്യിം.

അപ്പോൾ നീതി, മനുഷ്യ കാരുണ്യം, മനുഷ്യ നന്മ എന്നിവ ഊനം തട്ടാതെ നിലനിർത്തുകയാണ് ശരീഅത്തിന്റെ ലക്ഷ്യം. അതാണ് ഖുർആനിന്റെ ചൈതന്യം. ഇമാം ഗസ്സാലി മറ്റൊരു ശൈലിയിലാണിതു പറയുന്നത്: "മനുഷ്യർക്ക് അവരുടെ അഞ്ചുകാര്യങ്ങൾ സംരക്ഷിച്ചുകൊടുക്കലാണ് ശരീഅത്തിന്റെ ലക്ഷ്യം. ഒന്ന് അവരെത്തന്നെ സംരക്ഷിക്കുക, പിന്നെ അവരുടെ മതത്തെ, അവരുടെ ബുദ്ധിയെ, അവരുടെ സന്താനപരമ്പരകളെ, അവരുടെ ധനത്തെ. ഈ അഞ്ചു കാര്യങ്ങളെയോ അവയിൽ ഒന്നിനെയോ സംരക്ഷിക്കുന്ന ഏതും പൊതുനന്മയാണ്. അതിനെ പാഴാക്കുന്ന ഏതും പൊതു വിപത്തും."

ശരീഅത്തിന്റെ ഈ ലക്ഷ്യങ്ങൾതന്നെയാണ് നിയമങ്ങളിൽ മാറ്റം വരുത്താനുള്ള പ്രേരണ. അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസമൂഹത്തിൽ വികസിക്കാൻ സന്നദ്ധമല്ലാത്ത നിയമസംഹിത ഈ ലക്ഷ്യം പ്രാപിക്കില്ല എന്നു മാത്രമല്ല, ആപത്തു വരുത്തുകയും ചെയ്യും. ഇതിൽ മുൻകാല പണ്ഡിതന്മാർക്ക് സംശയം ഉണ്ടായിട്ടേ ഇല്ല. 'കാലപരിവർത്തനം കൊണ്ടുവരുന്ന നിയമപരിവർത്തനത്തെ നിഷേധിച്ചുകൂടാ' എന്ന നിദാനശാസ്ത്രതത്വം ഈ യാഥാർഥ്യം ഊന്നിപ്പറയുകയാണ്. പരിതഃസ്ഥിതിയുടെ മാറ്റംകൊണ്ട് നിയമം മാറാമെന്നതിന് ഏറ്റവും നല്ല ഉദാഹരണം ഇമാം ശാഫിഈയുടെ ഗവേഷണം തന്നെയാണ്. അദ്ദേഹം ബഗ്ദാദ് വിട്ട് ഈജിപ്തിൽ ചെന്നപ്പോൾ പല അഭിപ്രായങ്ങളും മാറുകയും പുതിയൊരു മദ്ഹബ് തന്നെ രൂപംകൊള്ളുകയും ചെയ്തല്ലോ. ഖുർആനും സുന്നത്തും ഗവേഷകനും ഒന്നുതന്നെയായിരുന്നു. മാറിയത് പരിതഃസ്ഥിതി മാത്രം; നിയമങ്ങളും. ഇഷ്ടംപോലെ മാറ്റുക എന്നല്ല പറഞ്ഞുവരുന്നത്. ശരീഅത്തിന്റെ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുംവിധം നിയമങ്ങളിൽ മാറ്റം വരുത്തുക എന്നാണ്.

ജനജീവിതത്തിൽ നിലനിൽക്കുന്ന ചില നല്ല സ്ഥിതി വിശേഷങ്ങൾ (ഉർഫ്) ഗവേഷകന്മാർക്ക് വെളിച്ചം നൽകും. സമൂഹത്തിന്റെ പൊതു മനസ്സ് ചിലപ്പോൾ സത്യത്തിൽ ചെന്നുചേരും. അതുകൊണ്ട് തന്നെയാണ് നിയമ മാറ്റത്തിന്റെ ഒരടിസ്ഥാനമായി 'ഉർഫിനെ' മുൻകാല പണ്ഡിതന്മാർ സ്വീകരിച്ചത്. ഒരിക്കലും മാറ്റേണ്ടാത്തതും മാറ്റാൻ പാടില്ലാത്തതുമായ ധാരാളം നിയമങ്ങൾ ശരീഅത്തിലുണ്ടെന്നതും നിഷേധിക്കാൻ പാടില്ല. ഒരുദാഹരണം: കുട്ടിക്കു രണ്ടുകൊല്ലം മുലകൊടുക്കാനുള്ള മാതാവിന്റെ അവകാശം ശരീഅത്തിൽ നിയമമാണ്. ഖുർആനിൽ അതു പറഞ്ഞിട്ടുമുണ്ട്. ഈ നിയമം മാറ്റേണ്ട പരിതഃസ്ഥിതിയുണ്ടാവില്ല. മാറ്റാൻ പാടില്ല. കുട്ടികൾക്ക് മുലപ്പാൽ

കൊടുക്കാതെ കലക്ക് മാത്രം കൊടുക്കുന്ന പരിഷ്കാരത്തിന്റെ പരിതസ്ഥിതിയുണ്ടാവാം. ഇത്തരം പരിതഃസ്ഥിതികളെയാണ് മാറ്റേണ്ടത്. കാലത്തിന്റെ പരിവർത്തനത്തിൽ സ്വാഭാവികമായും തെറ്റായ പരിതസ്ഥിതികളും വന്നുചേരും. അവയെ നീക്കം ചെയ്യലും ശരീഅത്തിന്റെ ലക്ഷ്യമാണ്. കാരുണ്യം, മനുഷ്യ സംരക്ഷണം, മനുഷ്യനന്മ എന്നിവയുടെ ഭാഗമാണത്.

ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, ഖിയാസ്, ഇസ്തിഹ്സാൻ, ഉർഫ് എന്നിവയാണല്ലോ നിയമനിർമാണത്തിന് വെളിച്ചം കാട്ടുന്ന അടിസ്ഥാനങ്ങൾ. 'ഇസ്തിഹ്സാൻ' എന്നാൽ പൊതു നന്മയാണ്. ഹനഫീമദ്ഹബുകാരുടെ ഭാഷയാണത്. മാലികികൾ 'മസാലിഹ് മുർസല' എന്നു പറയുന്നു. പ്രത്യേകം പേരു പറയുന്നില്ലെങ്കിലും ഈ തത്വം എല്ലാ മദ്ഹബുകാരും അംഗീകരിച്ചിട്ടുണ്ട്, പ്രയോഗിച്ചിട്ടുണ്ട്. ശാഫിഈ മദ്ഹബുകാരായ ചില പണ്ഡിതന്മാർ അതിനെ എതിർത്തു. ഖുർആനിലും സുന്നത്തിലും പൊതു നന്മയായി അംഗീകരിച്ചവയോടു സാദൃശ്യമുള്ളതെല്ലാം ഇമാം ശാഫിഈ അംഗീകരിച്ചിട്ടുണ്ടെന്ന് ഇമാമുൽഹറമൈനിയും ഇമാം സുബ്കിയും രേഖപ്പെടുത്തുന്നു.

ഖുർആനും സുന്നത്തും കഴിച്ചാൽ ഏറ്റവും പ്രധാനമായത് പൊതുനന്മ(ഇസ്തിഹ്സാൻ) തന്നെ. 'ഖിയാസും' 'ഇജ്മാഉം' പൊതുനന്മയുമായി ഇടഞ്ഞാൽ മുൻഗണന പൊതുനന്മക്ക് കൊടുക്കണമെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. ഖുർആനിലോ സുന്നത്തിലോ വ്യക്തമാക്കിയ ഒരു കാര്യം പൊതു നന്മയുമായി ഇടഞ്ഞാൽ ഏതിനു മുൻഗണന കൊടുക്കണം? ഇതിൽ അഭിപ്രായ ഭിന്നതയുണ്ട്. ഹമ്പലീ മദ്ഹബുകാരനായ 'തൂഫി' പറയുന്നത് പൊതുനന്മക്കുതന്നെ മുൻഗണന കൊടുക്കണമെന്നാണ്. കാരണം നിയമം നൽകിയ ദൈവത്തിന്റെ ഉദ്ദേശ്യം പൊതുനന്മയാണ്.

ഇമാം മാലിക് 'മസാലിഹ് മുർസല' എന്ന പേരിൽ പൊതുനന്മക്ക് വമ്പിച്ച പ്രാധാന്യം കൽപിച്ചു. അതു നിർണയിക്കാൻ മൂന്നു നിബന്ധനകളും വെച്ചു:

1. പൊതുനന്മ മൗലികമായും പൂർണമായും ബുദ്ധിപൂർവകമായിരിക്കണം. ബുദ്ധിമതികളോട് പറഞ്ഞാൽ സ്വീകാര്യമാകണം.

2. മതത്തെ ബാധിക്കുമെന്നുറപ്പുള്ള ഏതെങ്കിലും ദോഷത്തെ അതു തടയണം.

3. ശരീഅത്തിന്റെ ലക്ഷ്യങ്ങളോട് മൊത്തത്തിൽ യോജിക്കണം.

സമൂഹത്തിന്റെ നന്മയെ മുൻനിർത്തി ഉമറുൽ ഫാറൂഖ് പല വിധികളും നടത്തി; ഖുർആനിൽ പറഞ്ഞതിനെതിരായി. അക്ഷരത്തിൽമാത്രം എതിര്. അർഥത്തിലും ചൈതന്യത്തിലും യോജിച്ചതും. കട്ടവന്റെ കൈ മുറിക്കണമെന്ന് ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. നാട്ടിൽ ക്ഷാമം പിടിപെട്ട കാലത്ത് ഈ നിയമം നടപ്പാക്കേണ്ടതില്ലെന്ന് വിധിച്ചു. അക്ഷരത്തിൽ പിടിച്ച് അപ്പോഴും കൈ വെട്ടിയിരുന്നുവെങ്കിൽ അതു ശരീഅത്തിന്റെ ലക്ഷ്യത്തിന്നെതിരാകുമായിരുന്നു. ഉമറുൽ ഫാറൂഖ് ചെയ്തതാണ് യഥാർഥ ശരീഅത്ത്. ലക്ഷ്യം ഗ്രഹിക്കാതെ വിധി നടത്തുമ്പോൾ നിയമം അതിന്റെ കാരുണ്യത്തിൽനിന്ന് കാടത്തത്തിലേക്കു തലകുത്തി വീഴും. ഇത്തരം അനേകം വിധികളിൽ ഒന്നു മാത്രമാണിത്.

നിലവിലുള്ള ഒരു പ്രശ്നം പരിശോധിക്കാം: സ്ത്രീക്കു വിവാഹമൂല്യം (മഹ്റ്) എത്ര വേണമെങ്കിലും വാങ്ങാം. അത് അവളുടെ മൗലികാവകാശമായി ഖുർആൻ വ്യക്തമാക്കുന്നു. അവകാശങ്ങളൊന്നും ഇല്ലാതിരുന്ന കാലത്ത് ഈ നിയമം സമൂഹത്തിൽ സ്ത്രീയുടെ അന്തസ്സുയർത്തി. ഇന്ന് അറബ് രാജ്യങ്ങളിൽ വമ്പിച്ച സാമ്പത്തിക പുരോഗതിയുണ്ടായിട്ടും യുവാക്കൾക്കും യുവതികൾക്കും വിവാഹം ചെയ്യാൻ വളരെ പ്രയാസം. കുടുംബങ്ങളുടെ വരുമാന വർധനവിനെ കവച്ചുവെക്കുന്നു മഹ്റിന്റെ വളർച്ച. സ്ത്രീക്കും പുരുഷനും ദ്രോഹംചെയ്യുന്ന ഒരു പ്രതിഭാസമായിത്തീർന്നിരിക്കയാണത്. യുവാക്കളുടെ ലണ്ടനിലേക്കും പാരീസിലേക്കുമുള്ള പോക്കിനെ അതു വർധിപ്പിക്കുന്നു. പണം എമ്പാടുമുണ്ടായിട്ടും നിവൃത്തിയില്ലാത്തതുകൊണ്ട് വിവാഹം കഴിക്കാത്ത യുവതീ യുവാക്കളുടെ സംഖ്യാവർധന സമൂഹം ഒരു അധാർമിക വിപ്ലവത്തിലേക്ക് നീങ്ങുന്നതിന്റെ ദൃഷ്ടാന്തമാണ്. ഈ ആപത്തുകളെ തടയാൻവേണ്ടി 'മഹ്റി'ന് പരിധി നിർണയിക്കാമോ? അതു ഖുർആനിനും ശരീഅത്തിനും എതിരാണോ? വാസ്തവത്തിൽ പരിധി നിർണയിച്ചു പ്രശ്നം പരിഹരിക്കാത്തതല്ലേ ഖുർആനിന്ന് എതിര്?

ഇവിടെ ഒരു ചോദ്യം തുറിച്ചുനോക്കുന്നുണ്ട്: ഖുർആനിൽപറഞ്ഞത് തെറ്റായോ? ഖുർആനിൽ ഇതെന്തിന് പറഞ്ഞു? ഉത്തരം വളരെ എളുപ്പമാണ്: മനുഷ്യർക്ക് ബുദ്ധിയുണ്ട് എന്നതുകൊണ്ട് പറഞ്ഞു. മൗലികമായി ഇവിടെ (എവിടെയും) പൊതുതാൽപര്യവുമായി ഇടയുന്നില്ല. ഖുർആന്റെ നിയമം എന്നും നിലനിൽക്കും തത്വത്തിൽ. നിയന്ത്രണനിയമം ഖുർആനിന്റെ നിയമത്തോട് കലഹിക്കുന്നുമില്ല. രണ്ടുംകൂടി ചേർന്ന് സ്ത്രീയുടെ അവകാശത്തിന്റെ മുമ്പിൽവന്നുപെട്ട ഒരു തടസ്സം നീക്കുകയാണ്. വിവാഹം നടക്കാതിരിക്കാനുള്ളതല്ല ഈ അവകാശം എന്നോർക്കണം. വിവാഹം നടക്കാതെ അവകാശം തന്നെ നിലനിൽക്കുകയില്ല.

ഉമറുൽഫാറൂഖ് തന്നെ മഹ്റിന് നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിച്ചതാണ്. ഒരു പ്രസംഗത്തിൽ അതു പ്രഖ്യാപിക്കുകയും ചെയ്തു. സദസ്സിൽനിന്ന് ഒരു സ്ത്രീ ഖുർആൻ ഉദ്ധരിച്ചുകൊണ്ട് അതിനെ എതിർത്തു. അപ്പോൾ ഉമറുൽഫാറൂഖ് ആ സ്ത്രീയുടെ അറിവുപോലും എനിക്കില്ല എന്നും പറഞ്ഞു. തെറ്റിപ്പോയതാണെന്ന ഭാവത്തിൽ, വിനയത്തോടെ നടപടിയിൽനിന്നു പിന്മാറി. ഉമറുൽ ഫാറൂഖിന് യഥാർഥത്തിൽതന്നെ തെറ്റിയതാണെന്ന വിശ്വാസത്തോടെയാണ് ഈ സംഭവം എല്ലാവരും ഉദ്ധരിക്കാറ്. വാസ്തവത്തിൽ, ആ ഖുർആൻ വാക്യം അദ്ദേഹത്തിന് അറിയാമായിരുന്നില്ലേ? സദസ്സിലുണ്ടായിരുന്ന പുരുഷന്മാരായ സ്വഹാബിവര്യന്മാർക്കും? അതുവിശ്വസിക്കാൻ വളരെ പ്രയാസം. സ്ത്രീകളുടെ അവകാശമായതിനാൽ അവരുടെ ഭാഗത്തുനിന്നുള്ള എതിർപ്പിനെ മാനിച്ച് നടപടി നിർത്തിവെച്ചു എന്നു കരുതുന്നതല്ലേ ശരി? ആ എതിർപ്പിനെ സ്വാഗതം ചെയ്ത രീതിയിൽ ഉമറുൽഫാറൂഖിന്റെ സവിശേഷതയുണ്ട് എന്നുമാത്രം. അദ്ദേഹത്തിന്റെ നിയമനിർമാണങ്ങളെല്ലാം ഈ കാലഘട്ടത്തിലും നമുക്ക് വഴികാട്ടുന്നു.

മനുഷ്യ സമൂഹത്തിന്റെ ഗുണത്തിനും വളർച്ചക്കും വേണ്ടി നിയമങ്ങൾ നിർമിക്കുകയും മാറ്റുകയും ചെയ്യുമ്പോൾ നാം നമ്മുടെ സ്വന്തം നിയമങ്ങളുണ്ടാക്കുകയല്ല, ദൈവത്തിന്റെ നിയമങ്ങൾ കണ്ടെത്തുകയാണ്. അതാണ് ശരീഅത്തും ഇതര നിയമങ്ങളും തമ്മിലുള്ള അന്തരം. ■